"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ഉപഭോക്തൃകാര്യ വകുപ്പ്- ലീഗൽ മെട്രോളജി -ശ്രീ. ശ്രീമുരളി കെ.കെ., ശ്രീമതി മേരി ഫാൻസി പി.എക്സ്., ശ്രീ ഉദയൻ കെ.കെ. എന്നിവരുടെ ഡെപ്യൂട്ടി കൺട്രോളർ തസ്തികയിലെ പ്രൊബേഷൻ പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉപഭോക്തൃകാര്യ വകുപ്പ്

സ.ഉ.(സാധാ) നം.51/2024/CAD തീയതി,തിരുവനന്തപുരം, 19-12-2024

---

പരാമർശം:-

1. സ.ഉ.(സാധാ) നം. 521/2021/ഉ.കാ.വ., തീയതി, 21.12.2021.
2. സ.ഉ.(സാധാ) നം. 81/2022/ഉ.കാ.വ., തീയതി, 17.08.2022
3. സ.ഉ.(സാധാ) നം. 42/2023/ഉ.കാ.വ., തീയതി, 07.08.2023.
4. അക്കൗണ്ടന്റ് ജനറലിന്റെ 21.12.2023 ലെ GE 18/F/734 നമ്പർ കത്ത്
5. ലീഗൽ മെട്രോളജി കൺട്രോളറുടെ 06.03.2024 ലെ LMD-HQ/567/2022-B3 നമ്പർ കത്ത്
6. അക്കൗണ്ടന്റ് ജനറലിന്റെ 03.06.2024-ലെ GE 18/F/148, 18/F/149 നമ്പർ കത്തുകൾ.
7. ലീഗൽ മെട്രോളജി കൺട്രോളറുടെ 08.07.2024 ലെ LMD-HQ/796/2023-B3 നമ്പർ കത്ത്

<u>ഉത്തരവ്</u>

ലീഗൽ മെട്രോളജി വകുപ്പിൽ ഡെപ്യൂട്ടി കൺട്രോളറായ ശ്രീ.ശ്രീമുരളി.കെ.കെ.യുടെ ടി തസ്തികയിലെ പ്രൊബേഷൻ പ്രഖ്യാപിക്കുന്നതിനായി പരാമർശം (5) പ്രകാരവും ശ്രീമതി.മേരി ഫാൻസി പി.എക്സ്., ശ്രീ.ഉദയൻ കെ.കെ. എന്നിവരുടെ ഡെപ്യൂട്ടി കൺട്രോളർ തസ്തികയിലെ പ്രൊബേഷൻ പ്രഖ്യാപിക്കുന്നതിനായി പരാമർശം (7) പ്രകാരവും ലീഗൽ മെട്രോളജി കൺട്രോളർ ശിപാർശ സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

2) പരാമർശം (1) ഉത്തരവ് പ്രകാരം ഡെപ്യൂട്ടി കൺട്രോളറായി താൽക്കാലിക സ്ഥാനക്കയറ്റം ലഭിച്ച ശ്രീ.ശ്രീമുരളി കെ.കെ, 22.12.2021 FN ന് പ്രസ്തുത തസ്തികയിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതും പരാമർശം (2) പ്രകാരം ടി താൽക്കാലിക പ്രൊമോഷൻ ക്രമീകരിച്ച് ഉത്തരവായിട്ടുള്ളതുമാണ്.

പ്രൊബേഷന്റെ 6 മാസ കാലയളവിൽ ടിയാൻ പ്രൊബേഷനെ ബാധിക്കുന്ന അവധികളൊന്നും എടുത്തിട്ടില്ല എന്നും, ടിയാനെതിരെ അച്ചടക്ക നടപടികളോ വിജിലൻസ് കേസുകളോ നിലവിലില്ലാത്തതും, ജോലിയും, സ്വഭാവവും, തൃപ്തികരമാണെന്നും കൺട്രോളർ അറിയിക്കുന്നു. പരാമർശം (3) ഉത്തരവ് പ്രകാരം ശ്രീമതി.മേരി ഫാൻസി പി.എക്സ്., ശ്രീ.ഉദയൻ കെ.കെ-ക്കും ഡെപ്യൂട്ടി കൺട്രോളർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ചിട്ടുണ്ട്. ശ്രീമതി.മേരി ഫാൻസി ഇടുക്കി ഡെപ്യൂട്ടി കൺട്രോളറായി 16.08.2023 പൂർവാഹ്നത്തിലും, ശ്രീ.ഉദയൻ കെ.കെ. ഇടുക്കി ഫ്ലൈയിംഗ് സ്ക്വാഡ് ഡെപ്യൂട്ടി കൺട്രോളറാഫിസിൽ 16.08.2023 അപരാഹ്നത്തിലുമാണ് ജോലിയിൽ പ്രവേശിച്ചിട്ടുള്ളത്. ഡെപ്യൂട്ടി കൺട്രോളർ തസ്തികയിലെ 6 മാസ പരിവീക്ഷാ കാലയളവിൽ ശ്രീമതി.മേരി ഫാൻസി പി.എക്സ്.-ഉം, ശ്രീ.ഉദയൻ കെ.കെ-യും പരിവീക്ഷയെ ബാധിക്കുന്ന അവധികളൊന്നും എടുത്തിട്ടില്ലായെന്നും ഡെപ്യൂട്ടി കൺട്രോളർ തസ്തികയിൽ ടിയാളുകളുടെ ജോലിയും, സ്വഭാവവും, തൃപ്തികരമാണെന്നും, അച്ചടക്ക നടപടികളൊന്നും ടിയാളുകൾക്കെതിരെ നിലവിലില്ല എന്നും കൺട്രോളർ സാക്ഷ്യപ്പെടുത്തുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലീഗൽ മെട്രോളജി വകുപ്പിൽ ഡെപ്യൂട്ടി കൺട്രോളറായി കാലാവധി പൂർത്തിയാക്കിയ ശ്രീ. ശ്രീമുരളി കെ.കെ., ശ്രീമതി മേരി ഫാൻസി പി.എക്സ്., ശ്രീ ഉദയൻ കെ.കെ. എന്നിവരുടെ ഡെപ്യൂട്ടി കൺട്രോളർ തസ്തികയിലെ പ്രൊബേഷൻ താഴെ പറയും പ്രകാരം പ്രഖ്യാപിച്ച് ഉത്തരവാകുന്നു.

| പേര്, ഉദ്യോഗപ്പേര് | ഡെപ്യൂട്ടി കൺട്രോളർ തസ്തികയിൽ പ്രവേശിച്ച തീയതി | ഡെപ്യൂട്ടി കൺട്രോളർ തസ്തികയിലെ പ്രൊബേഷൻ കാലയളവ് | പ്രൊബേഷന് കണക്കാക്കാത്ത കാലയളവ് | പ്രൊബേഷൻ പ്രഖ്യാപിക്കുന്ന തീയതി |
|---|---|---|---|---|
| ശ്രീ.ശ്രീമുരളി കെ.കെ, ഡെപ്യൂട്ടി കൺട്രോളർ (പെൻ-377142) | 22.12.2021 പൂർവാഹ്നം. | തുടർച്ചയായ 6 മാസം. | ഇല്ല | 22.06.2022 പൂർവാഹ്നം. |
| ശ്രീമതി.മേരി ഫാൻസി പി.എക്സ്, ഡെപ്യൂട്ടി കൺട്രോളർ. (പെൻ-376960) | 16.08.2023 പൂർവാഹ്നം. | തുടർച്ചയായ 6 മാസം. | ഇല്ല | 16.02.2024 പൂർവാഹ്നം. |
| ശ്രീ.ഉദയൻ കെ.കെ. | | | | |

| | | | | |
|---|---|---|---|---|
| ഡെപ്യൂട്ടി കൺട്രോളർ. (പെൻ- 376867) | 16.08.2023 അപരാഹ്നം. | തുടർച്ചയായ 6 മാസം. | ഇല്ല | 17.02.2024 പൂർവാഹ്നം. |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സീന.എ.എൻ
ജോയിന്റ് സെക്രട്ടറി

കൺട്രോളർ, ലീഗൽ മെട്രോളജി വകുപ്പ്, തിരുവനന്തപുരം.
ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (ലീഗൽ മെട്രോളജി കൺട്രോളർ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ് ), കേരള, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി (ഫയൽ നം.സിഎ4/137/2024/സിഎഡി).

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ